പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1368 13.12.2012 ൽ മറുപടിക്ക്

## സമയബന്ധിത നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ. അസീസ് : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നിശ്ചിത കാലപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നുണ്ടോ എന്ന് പരിശോധിക്കാനുള്ള സംവിധാനം നിലവിലുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ ; | (ബി) നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ നടപടികൾ സ്വീകരിച്ചു വരുന്നു. മാസം തോറും ജില്ലാതലത്തിലും 3 മാസത്തിലൊരിക്കൽ മേഖലാതലത്തിലും, ചീഫ് എഞ്ചിനീയർമാർ സംസ്ഥാനതലത്തിലും അവലോകന യോഗങ്ങൾ നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നല്കാറുണ്ട്. കൂടാതെ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന തലത്തിൽ അവലോകന യോഗം നിശ്ചിത ഇടവേളകളിൽ നടത്തി നിർമ്മാണ പ്രവൃത്തികൾ അവലോകനം ചെയ്യുന്നുണ്ട്. |
| (സി) നിർമ്മാണ പ്രവർത്തനങ്ങൾ അനന്തമായി നീണ്ടുപോകാതെ സമയബന്ധിതമായി പൂർത്തിയാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ? | (സി) നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തിയാകാത്ത പണികളുടെ കരാറുകാർക്ക് ഒരു പിഴ ചുമത്തി കാലാവധി നീട്ടി നല്കുകയും, പ്രസ്തുത കാലയളവിലും പൂർത്തിയാകാത്ത പ്രവൃത്തികൾ കരാറുകാരുടെ നഷ്ടോത്തരവാദിത്വത്തിൽ പുനഃക്രമീകരണം നടത്തി പൂർത്തിയാക്കുകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ